പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 69

12.06.2013 ലെ മറുപടിയ്ക്ക്

# സീ പ്ലെയിൻ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ് | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാരികൾക്ക് സീ പ്ലെയിൻ സർവ്വീസ് വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളും കേന്ദ്രീകരിച്ച് സർവ്വീസുകൾ നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളെ വായു മാർഗ്ഗം ബന്ധിപ്പിക്കുന്നതിനും കേരളത്തിന്റെ പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനുമുള്ള നൂതനമായ ഒരു ടൂറിസം ഉത്പന്നം അവതരിപ്പിക്കുന്നതിനും യാത്രാ ദൈർഘ്യം കുറയ്ക്കുന്നതിനും വേണ്ടിയാണ് സീപ്ലെയിൻ പദ്ധതി ആവിഷ്കരിക്കുന്നത്. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ; | സി) സീപ്ലെയിൻ സർവ്വീസുകൾ നടത്തുവാൻ താൽപര്യമുള്ള ഏജൻസികളെ ക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങളുടെ അടിസ്ഥാനത്തിൽ ഇതു വരെ പവൻ ഹാൻസ് ഹെലിക്കോപ് റ്റേഴ്സ് ലിമിറ്റഡ്, വിങ്ങ്സ് ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ്, പിനക്കിൾ എയർ പ്രൈവറ്റ് ലിമിറ്റഡ്, ഭാരത് ഏവിയേഷൻ പ്രൈവറ്റ് ലിമിറ്റഡ്, മാരിടൈം എനർജി ഹെലി എയർ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ അഞ്ച് ഏജൻസികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ പിനക്കിൾ എയർ പ്രൈവറ്റ് ലിമിറ്റഡിന്റെ ജോയിന്റ് വെഞ്ചർ |

കമ്പനിയായ കൈരളി ഏവിയേഷൻസ്
സെക്ഷൻ 206 എ വിഭാഗത്തിൽ പെട്ട
സീപ്ലെയിൻ ഉപയോഗിച്ച് ഓപ്പറേഷന്റെ
ഉദ്ഘാടനം നടത്തുകയും ചെയ്തു.

ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

ഡി) സീപ്ലെയിൻ പദ്ധതി നിർവ്വഹണം ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ടൂറിസം വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ നിയമിച്ചു. പദ്ധതിയ്ക്കായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ സാധ്യതാപഠനത്തിനും വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി കേന്ദ്ര പൊതുമേഖലാസ്ഥാപനമായ പവൻ ഹാൻസ് ഹെലിക്കോപ്റ്റേഴ്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തി. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ, കേരള സർക്കാർ എംപാനൽഡ് ഏജൻസി ആയ കിറ്റ്കോ വഴി ടെൻഡർ മുഖേന നടപ്പിലാക്കി വരുന്നു. മുൻഗണനാപ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, എന്നീ സ്ഥലങ്ങളിൽ വാട്ടർഡ്രോം, ഫ്ലോട്ടിംഗ് ജെട്ടി, സീപ്ലെയിൻ ടെർമിനൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. കുമരകം, ബോൾഗാട്ടി, ബേക്കൽ എന്നീ മുൻഗണനാ പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഇ) പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

ഇ) പദ്ധതിക്ക് 2013 ജൂൺ 2 ന് കൊല്ലം അഷ്ടമുടിയിൽ തുടക്കം കുറിച്ചു.

സെക്ഷൻ ഓഫീസർ